**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 640

10.07.2014-ലെ മറുപടിയ്ക്ക്

## മൂന്നാർ ടൂറിസം വികസന ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി കേന്ദ്ര സഹായ ത്തോടെയുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (എ) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി 2013-14 സാമ്പത്തിക വർഷത്തിൽ Development of Munnar Hill as a Tourist Destination in Kerala എന്ന പദ്ധതിക്കായി 1,51,74,000/- രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ത്തിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) കേന്ദ്ര സഹായം നഷ്ടപ്പെട്ടിട്ടുണ്ടോ യെന്നും എങ്കിൽ നഷ്ടപ്പെടാനിട യാക്കിയ സാഹചര്യം എന്തായി രുന്നുവെന്നും വിശദമാക്കുമോ; | (ബി) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസന ത്തിനായി 2011-12 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സാമ്പത്തിക സഹായത്തോടെ 488.50 ലക്ഷം രൂപയുടെ ഒരു പദ്ധതി അംഗീകരിക്കുകയും. പദ്ധതി ചെലവിന്റെ 80% ആയ 390.81 ലക്ഷം രൂപ കേന്ദ്രം, സംസ്ഥാന അക്കൗണ്ടിലേക്ക് ആദ്യ ഗഡുവായി അലോട്ട് ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 98 ലക്ഷം രൂപയും 2014 ജനുവരിയിൽ ബാക്കി തുകയായ 292.81 ലക്ഷം രൂപയും ടൂറിസം വകുപ്പിന് അനുവദിച്ച് നൽകുകയുണ്ടായി. എന്നാൽ മൂന്നാറിൽ പ്രസ്തുത പദ്ധതിക്കായി കണ്ടെത്തിയിരുന്ന സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് |

സമയബന്ധിതമായി പദ്ധതി നിർവ്വഹണത്തിന് കൈമാറാൻ കഴിയാതെ വന്നതിനാൽ കേന്ദ്രം ഈ പദ്ധതിയ്ക്ക് അനുവദിച്ച് നല്കിയ 390.81 ലക്ഷം രൂപ കേന്ദ്രത്തിന്റെ ആവശ്യ പ്രകാരം തിരിച്ചടയ്ക്കുകയുണ്ടായി.

| | |
|---|---|
| (സി) ഇതുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം വ്യക്തമാക്കാമോ; | (സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ "ഓഡിറ്റ്" പരാമർശത്തിൽ പദ്ധതി സമയബന്ധിതമായി നടത്തുന്നതിനുള്ള പ്ലാനിംഗും മോണിറ്ററിംഗും നടന്നിട്ടില്ലായെന്ന് പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല വകുപ്പ് പദ്ധതിക്ക് അനുവദിച്ച മൊത്തം തുകയും (390.81 ലക്ഷം രൂപ) തിരിച്ചടച്ചുവെന്നും ഇതിൽ TSB Account -ൽ നിന്നും മറ്റ് സ്റ്റേറ്റ് പ്രോജക്ടിൽ നിന്നാണ് തിരിച്ചടച്ചിട്ടുള്ളതെന്നും പരാമർശിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്കായി Detailed Project Report. Architectural Drawing എന്നിവ തയ്യാർ ചെയ്ത വകയിലുണ്ടായ തുക unfruitful ആണെന്നും പരാമർശിച്ചിട്ടുണ്ട്. |
| (ഡി) മൂന്നരക്കോടിയോളം രൂപ അധികമായി തിരിച്ചടയ്ക്കാനിടയായത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതു മറ്റു പദ്ധതികളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിച്ചുവെന്ന് അറിയി ക്കുമോ ? | (ഡി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക മാത്രമേ തിരിച്ചടച്ചിട്ടുള്ളു. ഇത് മറ്റ് പദ്ധതികളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. ഈ പദ്ധതിയുടെ Detailed Project Reprot 08.12.2010 ൽ കേന്ദ്ര ടൂറിസം വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 29.06.2011ലാണ് പദ്ധതിക്ക് കേന്ദ്രം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. തുടർന്ന് പദ്ധതിയുടെ 80% തുകയായ 390.81 ലക്ഷം |

രൂപ കേന്ദ്രം ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ടായിരുന്നു.

ഇതിൽ 98 ലക്ഷം രൂപ 2011-12ലും തുടർന്ന് ബാക്കി തുകയായ 292.81 ലക്ഷം രൂപ 2014 ജനുവരിയിലും അനുവദിച്ച് ടൂറിസം വകുപ്പിന് നല്കുകയുണ്ടായി. പദ്ധതി നിർവ്വഹണം യഥാസമയം നിർവ്വഹിക്കാൻ കഴിയാത്തത് കൊണ്ട് കേന്ദ്രം അവർ അനുവദിച്ച 80% തുകയും തിരിച്ചടയ്ക്കണമെന്നും സംസ്ഥാനത്ത് കേന്ദ്രം അനുവദിക്കുന്ന പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകണമെങ്കിൽ ഇത്തരത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാത്ത പദ്ധതികളുടെ ബാക്കി തുക തിരിച്ചടയ്ക്കണമെന്നും ആവശ്യപ്പെടുക യുണ്ടായി. ഈ സാഹചര്യത്തിൽ പുതിയ കേന്ദ്ര പദ്ധതികൾ നഷ്ടപ്പെടാതിരിക്കുന്ന തിനും കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനുമായി TSB Account-ൽ ഉണ്ടായിരുന്ന തുക മുൻകൂറായി അടയ്ക്കുകയാണ് ഉണ്ടായത്. ഇങ്ങനെ മുൻകുറായി തുകയെടുത്ത് തിരിച്ചടച്ചത് സംസ്ഥാന ത്തെ മറ്റ് പദ്ധതികളുടെ പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ